LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

*17 [397] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗാർഹികാവശ്യത്തിന് പുതുതായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത നടപടിക്രമങ്ങൾ ലഘൂകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ഗാർഹികാവശ്യത്തിന് വൈദ്യുതി കണക്ഷൻ ആവശ്യമുള്ള ഉപഭോക്താക്കൾ അതാത് പരിധിയിലുള്ള ഇലക്ട്രിക്കൽ സെക്ഷനിൽനിന്നും നിർദ്ദിഷ്ട അപേക്ഷാ ഫോറം വാങ്ങി പൂരിപ്പിച്ച്, സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനിയർക്ക് സമർപ്പിക്കേണ്ടതാണ്. അസിസ്റ്റന്റ് എഞ്ചിനിയർ അപേക്ഷ പരിശോധിച്ച് കണക്ഷൻ ലഭിക്കേണ്ട കെട്ടിടത്തിൽനിന്നും 200 മീറ്റർ ദൂരത്തിനുള്ളിൽ ലൈൻ ഉണ്ടെങ്കിൽ വയറിംഗിനുള്ള അനുവാദം നൽകും. നിലവിലുള്ള വൈദ്യുതി ലൈനിൽനിന്നും 200 മീറ്ററിൽ കൂടുതൽ അകലത്തിലാണ് കെട്ടിടമെങ്കിൽ മിനിമം ഗ്യാരണ്ടി വ്യവസ്ഥയിൽ കണക്ഷൻ എടുക്കാൻ സമ്മതമാണെന്നുള്ള എഗ്രിമെന്റ് വയ്ക്കേണ്ടതാണ്. കണക്ഷൻ ലഭിക്കുന്നതിന് മറ്റ് ഏതെങ്കിലും പുരയിടത്തിലൂടെ ലൈൻ വലിക്കേണ്ടതുണ്ടെങ്കിൽ പ്രസ്തുത ഭൂവുടമയുടെ പക്കൽനിന്നും രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. ഭൂവുടമയുടെ അനുവാദം ലഭിച്ചിട്ടില്ലെങ്കിൽ ജില്ലാ കളക്ടറുടെ ഉത്തരവ് ആവശ്യമാണ്. വയറിംഗ് പൂർത്തിയായി കഴിഞ്ഞാൽ അപേക്ഷയിൽ നിഷ്കർഷിച്ചിട്ടുള്ള രേഖകൾ സഹിതം സെക്ഷനിൽ സമർപ്പിക്കണം. അപേക്ഷകളും രേഖകളും പരിശോധിച്ച് സർവ്വീസ് കണക്ഷൻ എഗ്രിമെന്റ് വയ്ക്കുവാനും, ക്യാഷ് ഡെപ്പോസിറ്റും (സി.ഡി.) സർവ്വീസ് കണക്ഷൻ ചാർജ്ജും അടയ്ക്കുവാൻ ആവശ്യപ്പെടും സി.ഡി. അടച്ചുകഴിഞ്ഞാൽ മുൻഗണനാക്രമം അനുസരിച്ച് കണക്ഷൻ നൽകും.

(ബി) ഇലക്ട്രിസിറ്റി ആക്ട് 2003 വകുപ്പ് 50 പ്രകാരം വൈദ്യുതി കണക്ഷൻ സംബന്ധിച്ച നടപടിക്രമങ്ങൾ തയ്യാറാക്കാനുള്ള അധികാരം കേരള ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനാണ്.

തൊഴിലില്ലായ്മ പരിഹരിക്കാൻ കേന്ദ്ര സഹായം

*18 [398] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കാൻ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ആസൂത്രണ കമ്മീഷനുമായി നടത്തിയ ചർച്ചകളുടെ വിശദാംശമെന്തെന്നും അതിന്റെ ഫലമായി സംസ്ഥാനത്തിനുണ്ടാകുമെന്നു പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്നും വിശദീകരിക്കാമോ?